കേരള സർക്കാർ

പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പുമന്ത്രിയുടെ ഓഫീസ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

***<u>പ്രസിദ്ധീകരണത്തിന്</u>***

തീയതി 03.11.2020

## 477 കോടി രൂപയുടെ 28 പദ്ധതികൾ നാടിന് സമർപ്പിച്ചു - മന്ത്രി ജി.സുധാകരൻ

സംസ്ഥാനത്തെ 7 മണ്ഡലങ്ങളിലായി 477 കോടി രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ചതും ആരംഭിക്കുന്നതുമായ മൂന്ന് പാലങ്ങളും 22 റോഡുകളും മറ്റ് മൂന്ന് പദ്ധതികളും 28 പദ്ധതികളുടെ ഉദ്ഘാടനം നിർവ്വഹിച്ചതായി മന്ത്രി ജി.സുധാകരൻ അറിയിച്ചു.

41.22 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന കൊല്ലം ജില്ലയിലെ പെരുമൺ പാലത്തിന്റെ നിർമ്മാണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ വീഡിയോ കോൺഫറൻസിംഗിലൂടെ നിർവ്വഹിച്ചു. ചടങ്ങിൽ എം. മുകേഷ് എം.എൽ.എ, കോവൂർ കുഞ്ഞുമോൻ എം.എൽ.എ, എൻ.കെ. പ്രേമചന്ദ്രൻ എം.പി എന്നിവർ പങ്കെടുത്തു.

ഒറ്റപ്പാലം മണ്ഡലത്തിലെ പാലപ്പുറം-കുതിരവഴി പാലം (4 കോടി രൂപ), മുവാറ്റുപുഴ മണ്ഡലത്തിലെ മാറിക-തോട്ടക്കര റോഡ് (3 കോടി രൂപ), പത്തനാപുരം, കോന്നി, പുനലൂർ മണ്ഡലങ്ങളിലൂടെ കടന്ന് പോകുന്ന പുനലൂർ - കോന്നി കെ.എസ്.റ്റി.പി റോഡ് (221.04 കോടി രൂപ), പുനലൂർ മണ്ഡലത്തിലെ പുനലൂർ ടൗൺ റിംഗ് റോഡുകളുടെ പൂർത്തീകരണം (15.15 കോടി രൂപ), ആയൂർ-അഞ്ചൽ-പുനലൂർ സംസ്ഥാനപാത പുനരുദ്ധാരണം അഞ്ചൽ ബൈപ്പാസ് റോഡ് (81.22 കോടി രൂപ) എന്നിവയുടെ ഉദ്ഘാടനം നിർവ്വഹിച്ചതായി മന്ത്രി ജി.സുധാകരൻ അറിയിച്ചു.

ചെങ്ങന്നൂർ മണ്ഡലത്തിൽ മാത്രം 22 പദ്ധതികളാണ് ഒരേ സമയം വീഡിയോ കോൺഫറൻസിംഗ് മുഖാന്തിരം ഉദ്ഘാടനം നിർവ്വഹിച്ചത്. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഒരു വേദിയിൽ തന്നെ ഇത്രയും ഉദ്ഘാടനം നിർവ്വഹിക്കുന്നത് ആദ്യമായാണെന്നും മന്ത്രി ജി.സുധാകരൻ പറഞ്ഞു.

ചെങ്ങന്നൂർ മണ്ഡലത്തിലെ വഴുവാടിക്കടവ് പാലം (25 കോടി രൂപ), കെ.കെ. രാമചന്ദ്രൻ നായർ സ്മാരകഹാൾ, എണ്ണക്കാട്-മാമ്പ്രപ്പാടം റോഡ് (3 കോടി രൂപ), എണ്ണക്കാട് -പാണ്ടനാട്-ഇല്ലിമല റോഡ് (8.23 കോടി രൂപ), അമ്പീരത്തുപടി-കുത്തിയതോട് റോഡ് (3.60 കോടി രൂപ), അമ്പീരത്തുപടി-കുത്തിയതോട് റോഡ് (15 കോടി രൂപ), പുത്തൻകാവ്-എരവിപേരൂർ റോഡ് (2 കോടി രൂപ), എണ്ണയ്ക്കാട്

കമ്യൂണിറ്റി ഹാൾ, നബാർഡ് സഹായത്തോടെ നടപ്പിലാക്കുന്ന സോളാർ വൈദ്യുതി പദ്ധതി, കോടുകുളഞ്ഞി-തയ്യിൽപ്പടി-അത്തലക്കടവ് റോഡ് (7.20 കോടി രൂപ), ആലിഞ്ചുവട്-താഴംവാതുക്കൽ റോഡ് (5 കോടി രൂപ), മാന്നാർ ഗ്രാമപഞ്ചായത്തിലെ വിവിധ റോഡുകൾ (2.60 കോടി രൂപ), ചെറിയനാട് ഗ്രാമപഞ്ചായത്തിലെ വിവിധ റോഡുകൾ (1.37 കോടി രൂപ), ആലാ ഗ്രാമപഞ്ചായത്തിലെ വിവിധ റോഡുകൾ (2.18 കോടി രൂപ), പാണ്ടനാട് ഗ്രാമപഞ്ചായത്തിലെ വിവിധ റോഡുകളിൽ വെള്ളപ്പൊക്ക പുനർനിർമ്മാണം (1.77 കോടി രൂപ), പുലിയൂർ ഗ്രാമപഞ്ചായത്തിലെ വിവിധ റോഡുകളിൽ വെള്ളപ്പൊക്ക പുനർനിർമ്മാണം (1.22 കോടി), മുളക്കുഴ ഗ്രാമപഞ്ചായത്തിലെ വിവിധ റോഡുകളിൽ വെള്ളപ്പൊക്ക പുനർനിർമ്മാണം (3.35 കോടി), ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലെ ഗ്രാമപഞ്ചായത്തിലെ വിവിധ റോഡുകളിൽ വെള്ളപ്പൊക്ക പുനർനിർമ്മാണം (2.13 കോടി), തിരുവൻ വണ്ടൂർ ഗ്രാമപഞ്ചായത്തിലെ വിവിധ റോഡുകളിൽ വെള്ളപ്പൊക്ക പുനർനിർമ്മാണം (1.83 കോടി), വെണ്മണി ഗ്രാമപഞ്ചായത്തിലെ റോഡുകളിൽ വെള്ളപ്പെക്ക പുനർനിർമ്മാണം (3.05 കോടി), ചെന്നിത്തല ഗ്രാമപഞ്ചായത്തിലെ റോഡുകളിൽ വെള്ളപ്പൊക്ക പുനർനിർമ്മാണം (2.34 കോടി), മുളക്കുഴ-ഇല്ലത്തുമേപ്പുറം-പുലക്കടവ് റോഡ് (12 കോടി രൂപ) എന്നീ പദ്ധതികളാണ് നാടിന് സമർപ്പിച്ചതെന്ന് മന്ത്രി ജി.സുധാകരൻ അറിയിച്ചു.